Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 22852/AO(RMC)/2021/കെ ഡബ്ല്യൂ എ

തീയതി: 02.12.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള ജല അതോറിറ്റി - റവന്യൂ മോണിറ്ററിങ് സെൽ - 2008 ലെ കേരള വാട്ടർ സപ്ലൈ & സീവറേജ് അമെൻഡ്മെന്റ് ആക്ട് പ്രകാരം ഫ്ലാറ്റുകൾക്കുള്ള കണക്ഷനുകൾ തരം തിരിച്ചത് - സംബന്ധിച്ച്.

സൂചന :- 1) 07.01.2021 ലെ AG യുടെ ഓഡിറ്റ് റിപ്പോർട്ട് നമ്പർ Do-RAO/KWA/PDP.12/2019-20
2) ഈ കാര്യാലയത്തിലെ 23.01.2021 ലെ കത്ത് നമ്പർ KWA/IA/LAR/Gen/383/2020
3) 19444/AO(RMC)/2021/കെ ഡബ്ല്യൂ എ എന്ന ഫയലിലെ തീരുമാനം

ആദ്യ സൂചന പ്രകാരമുള്ള AG യുടെ ആഡിറ്റ് പരാമർശത്തിൽ 2008 ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സീവേജ് ഭേദഗതി നിയമ പ്രകാരം ഫ്ലാറ്റുകളുടെ തരംതിരിവിൽ ഉണ്ടായിട്ടുള്ള അപാകത കാരണം വാട്ടർ അതോറിറ്റിക്ക് 4.07 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്

മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഫ്ലാറ്റുകളുടെ തരംതിരിവിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുവാനും അതോറിറ്റിക്ക് ഉണ്ടായ നഷ്ടം ബന്ധപ്പെട്ട ഉപഭോക്താക്കളിൽ നിന്ന് തിരിച്ച് പിടിക്കുവാനും സൂചന 2 പ്രകാരം നിർദ്ദേശിക്കുകയുണ്ടായി. ഇതനുസരിച്ച് പല ഡിവിഷനുകളും 2008-ലെ ഭേദഗതി നിയമ പ്രകാരം 10 യൂണിറ്റിൽ താഴെയുള്ളതോ 1000 സ്ക്വയർ മീറ്ററിൽ താഴെ വിസ്തീർണമുള്ള ഫ്ലാറ്റുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി ബില്ലുകൾ പുനക്രമീകരിച്ചു നൽകുകയുണ്ടായി. ഇതിനെതുടർന്ന് ധാരാളം പരാതികൾ ഫ്ലാറ്റ് ഉടമകളിൽ നിന്ന് ലഭിക്കുകയുണ്ടായി, മാത്രമല്ല ഇത് സംബന്ധിച്ച് ബഹു കേരള ഹൈക്കോടതിയിലും പെർമനന്റ് ലോക് അദാലത്തിലും ഒട്ടനവധി കേസുകളും നിലനിൽക്കുന്നുണ്ട്. ഇപ്രകാരം ഫ്ലാറ്റുകളുടെ തരംതിരിവ് മൂലം വന്ന അപാകതകൾ പരിഹരിക്കേണ്ടതാണെന്ന് പല ജനപ്രതിനിധികളും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ വിശദമായി പരിശോധിച്ചപ്പോൾ പല ഡിവിഷനുകളിലും 2008 ന് മുമ്പ് നൽകിയിട്ടുള്ള കണക്ഷനുകൾ പോലും 2008 ലെ ഭേദഗതി നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം 10 യൂണിറ്റിൽ താഴെയുള്ളതോ 1000 സ്ക്വയർ മീറ്ററിൽ താഴെ വിസ്തീർണമുള്ള ഫ്ലാറ്റുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി ബില്ലുകൾ നൽകിയിട്ടുണ്ട്.

Draft #1 of File 22852/AO(RMC)/2021/KWA Approved by Accounts Member on 02-Dec-2021 05:30 PM - Page 1

2008-ലെ ഭേദഗതി നിയമത്തിനു മുൻകാലപ്രാബല്യം നൽകിയിട്ടില്ല. 05-01-2009 ലാണ് പ്രസ്തുത നിയമം നിലവിൽ വന്നത്. ആയതിനാൽ പ്രസ്തുത ഭേദഗതി നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ 2009 നു മുൻപ് നൽകിയിട്ടുള്ള കണക്ഷനുകൾക്കു ബാധകമല്ല. ഇതേ വിഷയം സംബന്ധിച്ച് സൂചന 3 പ്രകാരമുള്ള ഫയലിൽ, 05/01/2009 ന് മുമ്പ് കണക്ഷനുകൾ നൽകിയിട്ടുള്ള ഫ്ലാറ്റുകളുടെ തൽസ്ഥിതി തുടരാനും ഇതുസംബന്ധിച്ച് ചുമത്തിയിട്ടുള്ള കുടിശ്ശിക തുക ഒഴിവാക്കി നൽകേണ്ടതാണെന്നുമുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിനാൽ 05-01-2009 ന് മുമ്പ് ഫ്ലാറ്റുകൾക്ക് നൽകിയിട്ടുള്ള കണക്ഷനുകളുടെ തൽസ്ഥിതി തുടരേണ്ടതാണെന്നും അധികമായി ചുമത്തിയിട്ടുള്ള കുടിശ്ശിക തുക ഒഴിവാക്കി നൽകേണ്ടതാണെന്നും അറിയിക്കുന്നു. എന്നാൽ 05-01-2009 ശേഷം നൽകിയിട്ടുള്ള കണക്ഷനുകളിൽ ഭേദഗതി നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വാട്ടർ ചാർജ് കണക്കാക്കേണ്ടതാണ്. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതു പോലെ വാട്ടർ ചാർജ് കണക്കാക്കുന്നതിൽ എന്തെങ്കിലും പിശക് വന്നിട്ടുണ്ടെങ്കിൽ വിശദമായി പരിശോധിച്ച 10/2014 മുതലുള്ള ബില്ലുകൾ പുനക്രമീകരിച്ചു നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു

V. Ramasubramani .
അക്കൗണ്ട്സ് മെമ്പർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും

പകർപ്പ്:-

എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
PA TO MD/PA TO AM /PA TO TM/CE(HRD)/
CLO/DLO/FM&CAO/SF

Draft #1 of File 22852/AO(RMC)/2021/KWA Approved by Accounts Member on 02-Dec-2021 05:30 PM - Page 2

The document is digitally approved. Hence signature is not needed.